## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3457** **14.10.2011-ൽ മറുപടിക്ക്.**

### ആധുനിക തിയേറ്റർ കോംപ്ലക്സുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. ആയിഷാ പോറ്റി** | | **ശ്രീ. കെ. ബി. ഗണേഷ് കുമാർ** (ബഹു: വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) | |
| (എ) | സിനിമയെ വ്യവസായമായി അംഗീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (എ) | പരിശോധിക്കാവുന്നതാണ്. |
| (ബി) | സർക്കാർ ഉടമസ്ഥതയിലുള്ള തിയേറ്ററുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ; | (ബി) | സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കലാഭവൻ, ചിത്രാഞ്ജലി ചിറ്റൂർ എന്നീ തിയേറ്ററുകൾ ഒഴികെ എല്ലാ തിയേറ്ററുകളിലും ഡിജിറ്റൽ പ്രൊജക്ഷൻ, ഡി.ടി.എസ്. സംവിധാനങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു. കലാഭവൻ, ചിറ്റൂർ ചിത്രാഞ്ജലി തിയേറ്റർ എന്നിവിടങ്ങളിൽ ഈ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു കഴിഞ്ഞു. ചേർത്തല-പറവൂർ, ചിറ്റൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ചിത്രാഞ്ജലി തിയേറ്ററുകൾ നവീകരിക്കാൻ ആലോചനയുണ്ട്. നിലവിലുള്ള വലിയ തിയേറ്ററുകൾ വിഭജിച്ച് നവീകരിക്കാൻ ആലോചനയുണ്ട്. |
| (സി) | പുതിയതും ആധുനികവുമായ തിയേറ്റർ കോംപ്ലക്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (സി) | സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ആലപ്പുഴയിൽ ഉള്ള സ്ഥലത്ത് ആധുനിക തിയേറ്റർ കോംപ്ലക്സ് ആരംഭിക്കുന്നതിന്റെ ഭാഗമായി തിയേറ്ററുകൾ സ്ഥാപിക്കുന്നതിന് ഡയറക്ടർ ബോർഡ് തീരുമാനം എടുത്തു കഴിഞ്ഞു. അടുത്ത നടപടിയായി മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ.